സൊസൈറ്റിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷന്റെയും റൂൾസിന്റെയും റഗുലേഷൻസിന്റെയും കോപ്പി ഇതോടൊന്നിച്ച് ലഭ്യമാക്കുന്നു.

(സി) സൊസൈറ്റി രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ഔപചാരികമായ ഉദ്ഘാടനം ഉടനെ നടത്തുന്നതാണ്.

138 (2324) ആലപ്പുഴ മെഡിക്കൽ കോളേജിന്റെ ശോച്യാവസ്ഥ

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഗൈനക്കോളജി വാർഡ്, ഇ.എൻ.ടി. വാർഡ്, ഒ.പി. വാർഡ് എന്നിവ അറ്റകുറ്റ പണികൾ യഥാസമയം നടത്താത്തതുമൂലം ശോചനീയാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വാർഡുകൾ പുനരുദ്ധരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ;

(സി) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഒഴിവുള്ള ലബോറട്ടറി ടെക്നീഷ്യൻ, എക്സ്റേ അറ്റൻഡർ എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)യഥാസമയം വാർഡുകൾ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

139 (2325) ആലപ്പുഴ ജില്ലാ ആശുപത്രി വികസനം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ ആശുപത്രിയിലെ വികസനത്തിനും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലാ ആശുപത്രിയിൽ ആശുപത്രി വികസന സമിതിയുടെ നേതൃത്വത്തിൽ പുതിയ വാർഡുകളും യൂണിറ്റുകളും തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എത്ര രൂപ ചെലവഴിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; എന്തെല്ലാം നടപടികൾ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലാ ആശുപത്രിയിലെ വികസനത്തിനും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. കണ്ണ് ഓപ്പറേഷൻ വാർഡ് 27.5.1999 മുതൽ പ്രവർത്തനം ആരംഭിച്ചു.

2. ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുള്ള കെട്ടിടപണി പുരോഗമിക്കുന്നു.

3. എൻഡോസ്കോപ്പി യൂണിറ്റ് സ്ഥാപിക്കുന്നകാര്യം പരിഗണനയിൽ ഉണ്ട്.

4. ജില്ലാ പഞ്ചായത്തിൽനിന്നും ഒരു വാട്ടർകൂളറും 40 കട്ടിലുകളും ലഭിച്ചിട്ടുണ്ട്. പീഡിയാട്രിക് സക്കർ ലഭിച്ചിട്ടുണ്ട്. ഐ.സി. യൂണിറ്റ്, ആമ്പുലൻസ് ഷെഡ് എന്നിവയ്ക്കുള്ള ടെൻഡർ ജില്ലാ പഞ്ചായത്തുവഴി ആയിട്ടുണ്ട്.

(ബി) മേൽ പ്രസ്താവിച്ചതിലുപരിയായി ആശുപത്രിയുടെ വികസനം സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല. ആശുപത്രിയുടെ ഭരണം ജില്ലാ പഞ്ചായത്തിനു വിട്ടുകൊടുത്തിട്ടുള്ളതിനാൽ ഇനി ഇക്കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത് ജില്ലാ പഞ്ചായത്താണ്.

140 (2326) ഇൻപേഷ്യന്റ് വിഭാഗം

<u>ശ്രീമതി ആർ. ലതാദേവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇൻപേഷ്യന്റ് വിഭാഗം പ്രവർത്തിച്ചുകൊണ്ടിരുന്ന സ്വന്തമായി കെട്ടിട സൗകര്യമുള്ള പല പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഇപ്പോൾ കിടത്തി ചികിത്സിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെട്ടിട സൗകര്യമുള്ള മുഴുവൻ പി.എച്ച്. സെന്ററുകളിലും ഇൻപേഷ്യന്റ് വിഭാഗം ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ നടപടി കൈക്കൊള്ളുമോ;

(സി) ഇതിനായി ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും അധിക തസ്തിക സൃഷ്ടിക്കുമോ;

(ഡി) എത്ര തസ്തികകൾ പുതുതായി സൃഷ്ടിക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) ഇതിനായുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് കൊടുത്തിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ)&(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കിടത്തി ചികിത്സ നടത്താൻ ആവശ്യമായ സ്റ്റാഫിന്റെ അപര്യാപ്തതമൂലം പല കേന്ദ്രങ്ങളിലും കിടത്തി ചികിത്സ തുടങ്ങാൻ സാധിച്ചിട്ടില്ല. ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിന് ആവശ്യമായ സ്റ്റാഫിന്റെ തസ്തിക സൃഷ്ടിക്കാൻ 1 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ നീക്കിവെച്ചിട്ടുണ്ട്.

(സി)-(ഇ) നിലവിലുള്ള സ്റ്റാഫ് പാറ്റേൺ 1961-ൽ ഉള്ളതാണ്. ആയത് പുനർനിർണ്ണയം ചെയ്ത് കൂടുതൽ ഡോക്ടർമാരേയും മറ്റ് ജീവനക്കാരേയും

LIBRARY ARCHIVES Kerala Legislative Assembly